**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 310 — 10.12.2012 - ൽ മറുപടിയ്ക്ക്

## മാധ്യമ പ്രവർത്തകനെതിരെയുള്ള അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | ദേശാഭിമാനി തലശ്ശേരി ലേഖകൻ പി. ദിനേശനെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ; | (എ) | കേസെടുത്തിട്ടുണ്ട്. |
| (ബി) | ദിനേശനെതിരെ ചുമത്തിയിരിക്കുന്ന കുറ്റം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 143, 147, 148, 294 (b), 353, 332 r/w 149 വകുപ്പുകൾ പ്രകാരവും കേരള പോലീസ് ആക്റ്റിലെ 117 (c) വകുപ്പ് പ്രകാരവുമാണ് കേസ് എടുത്തിട്ടുള്ളത്. |
| (സി) | സമരം റിപ്പോർട്ട് ചെയ്യാൻ പോകുന്ന മാധ്യമ പ്രവർത്തകർക്കെതിരെ കേസെടുക്കുന്നത് പത്രസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നാക്രമണമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഈ കേസിലെ പ്രതികൾ പ്രകടനം നടത്തുന്നതും മറ്റും പകർത്തിയ വീഡിയോ ദൃശ്യങ്ങളുടെയും സാക്ഷി മൊഴികളുടെയും അടിസ്ഥാനത്തിലാണ് പി. ദിനേശൻ എന്നയാളിനെയും കണ്ടാലറിയാവുന്ന മറ്റ് പ്രതികളെയും തലശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1092/12 എന്ന കേസിൽ പ്രതി പട്ടികയിൽ ഉൾപ്പെടുത്തിയത്. എന്നാൽ കേസിൽ കൂടുതൽ അന്വേഷണം നടത്തി സാക്ഷികളെ ചോദ്യം ചെയ്തതിൽ നിന്നും മേൽ പറഞ്ഞ ദിനേശൻ എന്നയാൾ കേസിൽ ഉൾപ്പെട്ടയാൾ അല്ലെന്നും ടിയാൻ മാധ്യമ പ്രവർത്തകൻ ആണെന്നും ടിയാൻ ജോലിയുടെ ഭാഗമായി പ്രതികൾ നടത്തിയ പ്രകടനവും സമരവും റിപ്പോർട്ട് ചെയ്യാൻ സ്ഥലത്തു വന്നതാണെന്നും ആ സമരം |

| | | |
|---|---|---|
| | | പോലീസ് വീഡിയോഗ്രാഫ് ചെയ്ത ചിത്രങ്ങളിൽ ദിനേശൻ ഉൾപ്പെട്ടുപോയതാണെന്നും വെളിവായതിന്റെ അടിസ്ഥാനത്തിൽ ടിയാനെ മേൽ കേസിൽ നിന്നും കുറവ് ചെയ്തുകൊണ്ട് അന്വേഷണ ഉദ്യോഗസ്ഥൻ ബഹു: കോടതി മുമ്പാകെ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. |
| (ഡി) | ദിനേശനോടൊപ്പം സമരം റിപ്പോർട്ട് ചെയ്യാനെത്തിയ മറ്റേതെങ്കിലും മാധ്യമ പ്രവർത്തകനെതിരെ കേസെടുത്തിട്ടുണ്ടോ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ